(ബി) അപകടം നടന്നാൽ അപകടത്തിൽപ്പെട്ടവരെ വളരെ വേഗം ആശുപത്രിയിൽ എത്തിക്കുന്നതിനും മറ്റ് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) അപകടമുണ്ടായാൽ പോലീസിനെ അറിയിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ടോൾ ഫ്രീ നമ്പരുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾ കാണത്തക്കവിധത്തിൽ റോഡുകളിലും ഹൈവേകളിലും പ്രധാനപ്പെട്ട ജംഗ്ഷനുകളിലും മറ്റും ബോർഡുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ക്ലാസുകളും സംഘടിപ്പിച്ച് വരുന്നുണ്ട്.

മാവേലിക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ്

236 (3748) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ട്രാഫിക് യൂണിറ്റ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മാവേലിക്കരയിൽ ആരംഭിച്ച കമാൻഡോ പരിശീലന കേന്ദ്രത്തിന്റെ തുടർനടപടികൾ വിശദമാക്കുമോ;

(ഡി) കമാൻഡോ കേന്ദ്രം എത്ര മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) മാവേലിക്കരയിൽ ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി -ഇ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ നൂറനാട് എന്ന സ്ഥലത്ത് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 8.69 ഏക്കർ സ്ഥലത്ത് ഒരു Counter Insurgency and Anti Terrorism (CIAT) School അനുവദിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം പോലീസ് സേനയുടെ നവീകരണം സംബന്ധിച്ച പദ്ധതികൾ ഇനി മുതൽ അതാത് സംസ്ഥാന സർക്കാരുകളാണ് നടപ്പിലാക്കേണ്ടത് എന്നതിനാൽ പ്രസ്തുത സ്കൂൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വാഹമില്ലായെന്നുള്ള വിവരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനുവേണ്ട പ്രോജക്ട് റിപ്പോർട്ട് സഹിതമുള്ള വിശദമായ പ്രൊപ്പോസൽ വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു.

വെള്ളാട്ടായിൽ സരോജിനിയുടെ മരണം

237 (3749) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ വെള്ളാട്ടായിൽ സരോജിനിയുടെ വീട് അതിക്രമിച്ച് കയറുകയും സരോജിനി മരണടപ്പെടുകയും ചെയ്ത സംഭവത്തിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത കേസ്സിന്റെ എഫ്.ഐ.ആർ-ൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതികൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) വീട് ആക്രമണത്തിൽ സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) സരോജിനിയുടെ മരണവുമായി ബന്ധപ്പെട്ട് കൊലക്കുറ്റത്തിന് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) കതിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 117/2015 U/s. 143, 147, 148, 452, 324, 427 r/w 149 & Sec. 3 & 5 of E.S. Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ താഴെപ്പറയുന്ന പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്.

1. പ്രനൂപ് ബാബു S/o. സുരേഷ് ബാബു
2. സുരേഷ് S/o. സുരേന്ദ്രൻ
3. അജേഷ് S/o. ആണ്ടി

LIBRARY ARCHIVES Kerala Legislative Assembly